# മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം)

## നമ്പർ 3556, മരങ്ങാട്ടുപിള്ളി

## ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീമിൽ ചേരുന്നതിനുള്ള അപേക്ഷ

1. അംഗനമ്പർ.........................................
2. പേര്.........................................
3. വയസ്സ്.........................................
4. വീട്ടുപേര്.........................................
5. കര.........................................
6. പോസ്റ്റോഫീസ്.........................................
7. വില്ലേജ്.........................................
8. താലൂക്ക്.........................................
9. തൊഴിൽ.........................................
10. ഫോൺ നമ്പർ.........................................
11. അച്ഛന്റെ / ഭർത്താവിന്റെ പേര്.........................................
12. അവകാശിയുടെ പേരും മേൽവിലാസവും............
.........................................
.........................................
13. അവകാശിയുമായുള്ള ബന്ധം.........................................
14. ഗ്രൂപ്പ് നമ്പർ.........................................
15. തുക.........................................
16. സമയം.........................................

സ്കീം നടത്തുന്ന സ്ഥലം : മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 3556,

.........................................ബ്രാഞ്ച്.

സ്കീമിൽ ചേരുന്ന അംഗത്തിന്റെ പേരും ഒപ്പും : .........................................

.........................................

### ആഫീസ് ഉപയോഗത്തിന്

1. സ്കീം തുകയും അംഗം എടുത്ത ഓഹരികളുടെ എണ്ണവും :

   a) ഗ്രൂപ്പ് നമ്പരും വർഷവും.........................................എടുത്ത ഓഹരി.........................................

   b) തവണകളുടെ എണ്ണം......................................... ഓഹരി തുക.........................................

2. സ്കീമിന്റെ കാലാവധി ..................... മാസം. ആദ്യ തവണ തീയതി.........................................

   മേൽ തവണകളുടെ തീയതി.........................................

   സ്കീമിന്റെ ഈ ഗ്രൂപ്പ് അവസാനിക്കുന്ന തീയതി.........................................

മരങ്ങാട്ടുപിള്ളി / കുര്യനാട് / കുറിച്ചിത്താനം / മണ്ണയ്ക്കനാട്

തീയതി.........................................

സെക്രട്ടറി / ബ്രാഞ്ച് മാനേജർ

# മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം) നമ്പർ 3556,

## മരങ്ങാട്ടുപിള്ളി

## ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം

### നിർവ്വചനങ്ങൾ

1. 'ബാങ്ക്' എന്നാൽ മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3556 ആണ്.
2. 'അംഗങ്ങൾ' എന്നത് മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3556 ലെ അംഗങ്ങൾ എന്നതാണ്.
3. 'ഗ്രൂപ്പ് ഡെപ്പോസിറ്റ് ആന്റ് ക്രെഡിറ്റ് സ്കീം' എന്നാൽ മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് അംഗങ്ങളുടെ പ്രതിമാസ നിക്ഷേപ പദ്ധതി എന്നാണ്.
4. 'സ്കീം' എന്നാൽ മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3556 ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം എന്നായിരിക്കും.

### ഉപനിബന്ധനകൾ

1. മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3556 - ലെ അംഗങ്ങളായിട്ടുള്ളവർക്ക് ഈ നിക്ഷേപ പദ്ധതിയിൽ അംഗങ്ങളായി ചേരാവുന്നതാണ്.
2. മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3556 ഗ്രൂപ്പ് ഡെപ്പോസിറ്റ് ആന്റ് ക്രെഡിറ്റ് സ്കീം എന്ന പേരിൽ ഇത് സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ കോട്ടയം അംഗീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
3. ഈ സ്കീമിൽ അംഗങ്ങളാകുന്നവരുടെ മാത്രം 25 പേർ, 40 പേർ, 50 പേർ, 100 പേർ വീതമുള്ള ഗ്രൂപ്പുകൾ ഉണ്ടാക്കി യഥാക്രമം 25 മാസം, 40 മാസം, 50 മാസം, 100 മാസം കൊണ്ട് അവസാനിക്കുന്ന നിക്ഷേപ വായ്പാ സ്കീമുകൾ ഉണ്ടാക്കി ഈ സ്കീമിലെ അംഗങ്ങളെ സഹായിക്കുക എന്നതായിരിക്കും ഈ സ്കീമിന്റെ ഉദ്ദേശ്യം.
4. 2000 രൂപാ, 4000 രൂപാ, 8000 രൂപാ, 16000 രൂപാ, 20000 രൂപാ, 40000 രൂപാ വീതമുള്ള ഗ്രൂപ്പുകളിലായി മാസം തോറും ഓരോ അംഗങ്ങളിൽ നിന്നും 25 മാസവും; 1250 രൂപാ, 2500 രൂപാ, 5000 രൂപാ, 10000 രൂപാ, 12500 രൂപാ, 25000 രൂപാ വീതമുള്ള ഗ്രൂപ്പുകളിലായി മാസംതോറും ഓരോ അംഗങ്ങളിൽനിന്നും 40 മാസവും; 1000 രൂപാ, 2000 രൂപാ, 4000 രൂപാ, 8000 രൂപാ, 10000 രൂപാ, 20000 രൂപാ വീതമുള്ള ഗ്രൂപ്പുകളിലായി മാസംതോറും ഓരോ അംഗങ്ങളിൽനിന്നും 50 മാസവും; 500 രൂപാ, 1000 രൂപാ, 2000 രൂപാ, 4000 രൂപാ, 5000 രൂപാ, 10000 രൂപാ വീതമുള്ള ഗ്രൂപ്പുകളിലായി മാസംതോറും ഓരോ അംഗങ്ങളിൽനിന്നും 100 മാസവും ഒരു നിക്ഷേപത്തുക വീഴ്ചവരുത്താതെ അടച്ചുകൊണ്ടിരിക്കേണ്ടതാണ്.
5. തവണത്തുക മാസം തോറും ഒരു നിശ്ചിത തീയതിക്കു മുൻപായി അംഗങ്ങൾ ബാങ്കിൽ അടയ്ക്കേണ്ടതാണ്.
6. നിക്ഷേപത്തിലൂടെ സ്വരൂപിക്കുന്ന ധനം പലിശരഹിതവായ്പയായി നൽകുന്നതിന് യഥാർത്ഥ ആവശ്യക്കാരനെ തെരഞ്ഞെടുക്കുന്നതിനായി എല്ലാ മാസവും സ്കീമിലെ അംഗങ്ങളുടെ ഒരു യോഗം നിശ്ചിത ദിവസങ്ങളിൽ വൈകുന്നേരം 4.30 മണിക്ക് ബാങ്ക് ഓഫീസിൽ വച്ച് ചേരുന്നതാണ്. ഓരോ സ്കീമിലും തവണത്തുക കൃത്യമായി അടച്ചിട്ടുള്ള നിക്ഷേപകർക്ക് നേരിട്ടോ, രേഖാമൂലം അധികാരപ്പെടുത്തിയ ഏജന്റു മുഖാന്തിരമോ യോഗത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ ഇതിന് സാധിക്കാത്ത പക്ഷം ബാങ്ക് സെക്രട്ടറിയെ മതിയായ രേഖാമൂലം ചുമതലപ്പെടുത്താവുന്നതാണ്.
7. ഓരോ ഗ്രൂപ്പിലും സ്വരൂപിക്കുന്ന നിക്ഷേപം അതേ ഗ്രൂപ്പിലെ ഏതെങ്കിലും അംഗത്തിന് വായ്പയായി നൽകേണ്ട അംഗത്തെ നറുക്കെടുപ്പിലൂടെ / പരസ്പര ധാരണയിലൂടെ നിർണ്ണയിക്കുന്നതാണ്. എന്നാൽ വായ്പയ്ക്ക് ആവശ്യക്കാരില്ലെങ്കിൽ കുടിശികയില്ലാത്ത നിക്ഷേപകരെ കുറിയിട്ടു വായ്പക്കാരനായി ഒരംഗത്തെ നിർണ്ണയിക്കുന്നതുമാകുന്നു.
8. 25 മാസം, 40 മാസം, 50 മാസം, 100 മാസം തവണകളിലൂടെ ഓരോ ഗ്രൂപ്പിലെയും അംഗങ്ങളിൽ നിന്നും മാസം തോറും ലഭിക്കുന്ന നിക്ഷേപത്തുക വായ്പയായി അംഗങ്ങളുടെ നറുക്കെടുപ്പിലൂടെ ലഭിക്കുന്നതിന് ഓരോ മാസവും ഓരോ ഗ്രൂപ്പിലും നിക്ഷേപത്തുകയുടെ അടവിൽ കുടിശികയില്ലാത്ത അംഗത്തിനു മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളു.
9. സ്കീമിൽ ഓരോ ഗ്രൂപ്പിലും കാലാവധിക്കുശേഷം ലഭിക്കുന്ന നിക്ഷേപത്തുകയുടെ 5% വരെ ബാങ്കിന്റെ കമ്മീഷൻ ആയി ഈടാക്കിയതിനുശേഷം വരുന്ന തുകയാണ് ഓരോ മാസവും വായ്പയായി അനുവദിക്കുക.
10. തുടർച്ചയായി 3 മാസം ഗഡു തുക അടയ്ക്കാതെ വീഴ്ചവരുത്തിയാൽ നിക്ഷേപകനെ വിവരം തെര്യപ്പെടുത്തി പ്രസ്തുത നിക്ഷേപകനെ മാറ്റി പകരം സ്കീമിൽ അംഗമാകുവാൻ ആഗ്രഹിക്കുന്ന മറ്റേതെങ്കിലും അംഗത്തെ ചേർക്കുന്നതിന് ബാങ്കിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം വീഴ്ചക്കാരനു പകരം ചേരുന്നതിന് ബാങ്കിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

11. കരാർ അനുസരിച്ചുള്ള ഗഡു സംഖ്യ ഏതെങ്കിലും കാരണവശാൽ അടയ്ക്കാതെ വന്നാൽ പ്രസ്തുത അംഗത്തിന്റെ നിക്ഷേപത്തുക കാലാവധിക്കുശേഷമോ, അല്ലെങ്കിൽ പകരം ചേർന്ന നിക്ഷേപകൻ വായ്പ കൈപ്പറ്റുമ്പോഴോ മാത്രമേ ലഭിക്കുകയുള്ളു.

12. ഒരു ഗ്രൂപ്പിൽ ഒരു മാസം സ്വരൂപിക്കുന്ന നിക്ഷേപത്തുകയുടെ 25% അധികം തുക കുറവുചെയ്തു വായ്പ ലഭിക്കുവാൻ ഒരംഗത്തിന് അവകാശമുണ്ടായിരിക്കുന്നതല്ല. ഇങ്ങനെ ഡിസ്കൗണ്ടായി ഉപേക്ഷിക്കുന്ന തുകയിൽനിന്നും ബാങ്കിന്റെ കമ്മീഷൻ കഴിച്ച് ബാക്കി വരുന്ന തുക ഓരോ ഗ്രൂപ്പിലെയും വായ്പ ലഭിച്ചിട്ടുള്ളതും അല്ലാത്തതുമായ അംഗങ്ങൾക്ക് തുല്യമായി വീതിച്ചുനൽകുന്നതാണ്.

13. ഈ സ്കീമിൽ സ്വരൂപിക്കുന്ന തുക വായ്പയായി ഒരംഗം കൈപ്പറ്റുന്നതിന് ബാങ്ക് നിർദ്ദേശിക്കുന്ന ജാമ്യം വായ്പ ലഭിക്കുന്ന നിക്ഷേപകൻ നൽകിയിരിക്കണം. 25000 രൂപായ്ക്ക് മേൽ 1 ലക്ഷം രൂപാ വരെ മേൽ അടവുസംഖ്യയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷകനും ജാമ്യക്കാരും ഉൾപ്പെടുന്ന മൂന്നുപേരിൽ രണ്ടു പേർക്ക് 25 സെന്റിൽ കുറയാത്ത ഭൂമി ഉള്ളവരോ സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ ജോലിയുള്ളവരോ ആയിരിക്കണം. കൂടാതെ നിക്ഷേപ രസീതിന്റെയോ, സ്വർണ്ണ പണ്ടത്തിന്റെയോ ഈടിന്മേലോ ബാധ്യതയില്ലാത്ത വസ്തു ഈടിന്മേലോ പണം നൽകാവുന്നതാണ്. 1 ലക്ഷം രൂപായ്ക്ക് മേൽ 5 ലക്ഷം രൂപാ വരെ മേൽ അടവു വരുന്ന സാഹചര്യത്തിൽ അപേക്ഷകനും ജാമ്യക്കാരും ഉൾപ്പെടുന്ന മൂന്നുപേരിൽ രണ്ടുപേർ 50 സെന്റിൽ കുറയാതെ ഭൂമി ഉള്ളവരോ സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ ജോലിയുള്ളവരോ ആയിരിക്കണം. കൂടാതെ സ്ഥിരനിക്ഷേപത്തിന്റെയോ, സ്വർണ്ണപണ്ടത്തിന്റെയോ ബാധ്യതയില്ലാത്ത വസ്തുക്കളുടെ ഈടിന്മേലോ പണം നൽകാവുന്നതാണ്. 5 ലക്ഷം രൂപായ്ക്കു മുകളിൽ അടവു വരുന്ന സാഹചര്യത്തിൽ സ്ഥിരനിക്ഷേപത്തിന്റെയോ, സ്വർണ്ണപണ്ടത്തിന്റെയോ ഈടിന്മേലോ ബാധ്യതയില്ലാത്ത വസ്തുക്കളുടെ ഈടിന്മേലോ പണം നൽകാവുന്നതാണ്. ഉദ്യോഗസ്ഥർ പണം പറ്റുകയോ ഉദ്യോഗസ്ഥരെ ജാമ്യം സ്വീകരിക്കുകയോ ചെയ്യുമ്പോൾ മേൽ അടവു സംഖ്യ റൊക്കം ശമ്പളത്തിന്റെ (Net Salary) 25 ഇരട്ടിയിൽ കൂടുവാൻ പാടില്ല. ആൾ ജാമ്യത്തിലും വസ്തു ജാമ്യത്തിലും ഉള്ള അപേക്ഷകൾ ബാങ്കു ഭരണസമിതി അംഗീകരിക്കുന്ന മുറയ്ക്ക് ബാങ്ക് പ്രസിഡന്റിന്റെ പേർക്ക് പ്രമാണം എഴുതിത്തന്നു തുക കൈപ്പറ്റാവുന്നതാണ്. നിക്ഷേപ ഈടിന്മേലും സ്വർണ്ണപ്പണ്ടത്തിന്റെ ഈടിന്മേലുമുള്ള അപേക്ഷകൾ പരിഗണിച്ചു പ്രസിഡന്റിന്റെ പേർക്ക് പ്രമാണം എഴുതി തുക നൽകാവുന്നതും അടുത്ത ഭരണസമിതി യോഗത്തിൽ ആയതിന് അംഗീകാരം ഉണ്ടാകേണ്ടതുമാണ്.

14. 13 -ാം വകുപ്പ് പ്രകാരം സ്വർണ്ണപണ്ടത്തിന്റെ മാർക്കറ്റ് വിലയുടെ 70 ശതമാനത്തിൽ അധികരിക്കാതെയും, ബാധ്യതാ രഹിത വസ്തുവിന്റെ മാർക്കറ്റ് വിലയുടെ 50 ശതമാനത്തിൽ അധികരിക്കാതെയും ഈട് സ്വീകരിച്ച് വായ്പത്തുക നൽകാവുന്നതാണ്.

15. ആൾജാമ്യത്തിൽ ബാധ്യതപ്പെടുന്ന ഒരംഗത്തിന് ബാങ്കിൽ നേരിട്ടുള്ള ബാധ്യതകളുടെ പ്രതിമാസ അടവ് അയാളുടെ പ്രതിമാസ റൊക്കശമ്പളത്തിൽ അധികരിക്കുവാൻ പാടില്ലാത്തതാണ്.

16. ഈ സ്കീം പ്രകാരമുള്ള തുക പറ്റുന്നതിനായി വസ്തു ഈട് തരുമ്പോൾ (കൊളാറ്ററൽ സെക്യൂരിറ്റി) സംഘം ബൈലോ 44(3) പ്രകാരമുള്ള നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

17. ഈ സ്കീമിൽ നിന്ന് വായ്പ ലഭിച്ചിട്ടുള്ള ഒരംഗം ഗഡുസംഖ്യ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ വായ്പ ലഭിച്ച തുക ബാങ്കിൽനിന്നും ലഭിച്ച വായ്പയായി കണക്കാക്കി വായ്പത്തുക ഈടാക്കുന്നതിന് ആവശ്യമായ സഹകരണ നിയമപ്രകാരമുള്ള എല്ലാ നടപടികളും വായ്പ കൈപ്പറ്റിയിട്ടുള്ള ആളിന്റെയും ജാമ്യക്കാരുടെയും പേരിൽ സ്വീകരിക്കുന്നതിന് ബാങ്കിന് അധികാരമുണ്ടായിരിക്കുന്നതാണ്.

18. സ്കീമിൽ ചേർന്നിട്ടുള്ള ഏതൊരംഗവും തവണത്തുക തവണ തീയതി മുതൽ 7 ദിവസത്തിനകം അടയ്ക്കേണ്ടതും ആയതിനു വീഴ്ചവരുത്തുന്നപക്ഷം കുടിശിക തുകയ്ക്ക് ബാങ്കിൽ നിലവിലുള്ള സാധാരണ വായ്പയുടെ പലിശനിരക്കിൽ പലിശ ഈടാക്കുന്നതുമാണ്. സ്കീം അനുസരിച്ചുള്ള തുക പറ്റിയ ശേഷം കുടിശിക വരുത്തുന്നവർക്ക് ബോണസിന് അർഹത ഉണ്ടായിരിക്കുകയില്ല. വായ്പ കൈപ്പറ്റിയ നിക്ഷേപകൻ 3 തവണയിൽ കൂടുതൽ കുടിശിക വരുത്തിയാൽ ടിയാളുടെ കടംകണക്ക് അവസാനിപ്പിച്ച് മേൽ അടയ്ക്കുവാനുള്ള തുക ഒന്നായി ഈടാക്കുന്നതിന് ബാങ്കിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം അന്യായം ഫയൽ ചെയ്തു തുക ഈടാക്കേണ്ടിവന്നാൽ 2 ശതമാനം പിഴപ്പലിശയും മറ്റു ചിലവുകളും ഈടാക്കുന്നതാണ്.

19. വായ്പക്കായി തെരഞ്ഞെടുക്കപ്പെട്ട നിക്ഷേപകൻ ബാങ്ക് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ച് അടുത്ത തവണക്കകം തുക കൈപ്പറ്റിക്കൊള്ളേണ്ടതാണ്.

20. (എ) വായ്പ നൽകുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന അംഗം മതിയായ ജാമ്യം നൽകി പണം സ്വീകരിക്കാതെയിരുന്നാൽ പ്രസ്തുത തുക അംഗത്തിന്റെ പേരിൽ ബാങ്കിൽ സ്പെഷ്യൽ സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

(ബി) ഇപ്രകാരം നിക്ഷേപിക്കുന്ന സംഖ്യ വട്ടമറുതി വരെയുള്ള തവണകൾക്ക് മതിയാകാതെ വന്നാൽ പോരാതെ വരുന്ന സംഖ്യയും പലിശയും മറ്റു ചിലവുകളും ടി നിക്ഷേപകനിൽനിന്നും ഈടാക്കിയെടുക്കുന്നതിന് ബാങ്കിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(സി) അപ്രകാരം നിക്ഷേപിക്കുന്ന തുകയിൽ നിന്നും മേൽതവണകൾ, മറ്റു ചിലവുകൾക്കു വേണ്ടിവരുന്ന തുക എന്നിവ കിഴിച്ച് മിച്ചമുണ്ടായിരുന്നാൽ നിക്ഷേപം വട്ടമറുതിക്കുശേഷം നിക്ഷേപകന് കൊടുക്കേണ്ടതും അതിന് വീഴ്ചവരുത്തിയാൽ ബാക്കി നിൽപു സംഖ്യയ്ക്ക് വട്ടമെത്തിയ തീയതി മുതൽ സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന്റെ പലിശയോടുകൂടി ഈടാക്കിയെടുക്കുന്നതിന് നിക്ഷേപകന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

21. ഹെഡ്ഓഫീസിൽ നടത്തുന്ന ഈ പദ്ധതിയുടെ പ്രതിമാസ തവണ തീയതി എല്ലാ മാസവും ഒരു നിശ്ചിത തീയതിയായിരിക്കുന്നതും അന്നേദിവസം അവധിയായിരുന്നാൽ അടുത്ത പ്രവർത്തി ദിവസം നിശ്ചിത തവണ തീയതിയായിരിക്കുന്നതുമാണ്. ബ്രാഞ്ചുകളിൽ നടത്തുന്ന ഈ പദ്ധതിയുടെ പ്രതിമാസ തവണ തീയതി എല്ലാ മാസവും ഒരു നിശ്ചിത തീയതിയായിരിക്കുന്നതും അന്നേദിവസം അവധിയോ ശനിയാഴ്ചയോ ആയിരുന്നാൽ അടുത്ത പ്രവർത്തി ദിവസം നിശ്ചിത തവണ തീയതിയായിരിക്കുന്നതുമാണ്.

22. ഈ നിക്ഷേപ പദ്ധതിയിൽ അംഗങ്ങളായവർക്ക് അവർ അടച്ചതുകയുടെ 80 ശതമാനം ബാങ്കിൽ നിലവിലുള്ള സാധാരണ വായ്പാ പലിശ നിരക്കിൽ വായ്പ അനുവദിക്കാവുന്നതാണ്. ഈ വായ്പ ടി അംഗത്തിന് ഈ നിബന്ധനകളിലെ 7-ാം വകുപ്പു പ്രകാരം വായ്പ ലഭിക്കുമ്പോഴോ അതിനുമുമ്പോ അടച്ചുതീർക്കേണ്ടതാണ്. ടി വായ്പ ലഭിക്കുന്നതിന് തൻതവണ ഉൾപ്പെടെ 6 തവണയെങ്കിലും അടച്ചിരിക്കേണ്ടതാണ്.

23. ഈ സ്കീമിൽ ചേർന്ന അംഗത്തിൽ നിന്നോ, ജാമ്യക്കാരിൽ നിന്നോ ബാങ്കിലേക്ക് ഏതെങ്കിലും തുക ഈടാകുവാനുണ്ടെങ്കിൽ ആയത് ഈ സ്കീം പ്രകാരം അംഗത്തിനു ലഭിക്കേണ്ട വായ്പത്തുകയിൽ നിന്നും ഈടാക്കുന്നതിന് ബാങ്കിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

24. ഈ സ്കീമിന്റെ കമ്മീഷൻ, മുടക്കുപലിശ, മറ്റു വരവുകൾ എന്നിവ ബാങ്കിന്റെ അതാതു വർഷത്തെ ലാഭനഷ്ട കണക്കിൽ ഉൾപ്പെടുത്തുന്നതാണ്.

25. ഈ സ്കീമിൽ ചേരുന്നതിനും പണം കൈപ്പറ്റുന്നതിനും ആവശ്യമായ അപേക്ഷാ ഫോറങ്ങൾ ബാങ്കിൽ നിന്നും നിശ്ചിത വിലയ്ക്ക് ലഭിക്കുന്നതാണ്.

26. ഒരംഗം ഈ സ്കീമിൽ ചേരുമ്പോൾതന്നെ ഇതു സംബന്ധിച്ചുള്ള നിബന്ധനകൾ വായിച്ച് അംഗീകരിച്ചതായും നിലവിലുള്ളതും ഭാവിയിൽ കൂട്ടിചേർക്കുന്നതും ഭേദഗതി വരുത്തുന്നതുമായ എല്ലാ നിബന്ധനകളും അംഗീകരിക്കുന്നതായും കണക്കാക്കുന്നതാണ്.

27. ഈ സ്കീം സംബന്ധമായി അംഗങ്ങൾക്കുള്ള അവകാശത്തിന് അനന്തരാവകാശികളെ അപേക്ഷയിൽ നിർദ്ദേശിക്കാവുന്നതാണ്.

28. ഈ സ്കീം സംബന്ധിച്ച് വല്ല തർക്കവുമുണ്ടായാൽ ആയത് ബാങ്ക് ഭരണസമിതിയോട് അപേക്ഷിച്ച് തർക്കനിവൃത്തി വരുത്തിക്കൊള്ളേണ്ടതും ഈ നിബന്ധനകൾക്കും ബാങ്ക് നിയമാവലിക്കും വിധേയമായി ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ ജോയിന്റ് രജിസ്ട്രാരുടെ അനുവാദത്തോടെ അവസാന തീരുമാനങ്ങൾ ആയിരിക്കുന്നതുമാകുന്നു.

29. ഈ നിബന്ധനകളുടെ ഏതെങ്കിലും വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനും ഇതിൽ കൂടുതലായി കൂട്ടിച്ചേർക്കുന്നതിനും അതാതുകാലത്തെ ബാങ്ക് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ അത്തരത്തിലുള്ള ഏത് ഭേദഗതികൾക്കും സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.

30. ഓരോ യൂണിറ്റ് സ്കീമിനും തുല്യമായ തുക ജില്ലാ ബാങ്കിലോ, ട്രഷറിയിലോ നിക്ഷേപിക്കേണ്ടതാണ്.

31. വട്ടമെത്തുന്ന സ്കീമുകളുടെ കണക്കുകൾ വാർഷിക ആഡിറ്റിന് ഹാജരാക്കേണ്ടതാണ്.

32. ഓരോ സ്കീമും ആരംഭിക്കുന്നതിനുമുമ്പ് ജോയിന്റ് രജിസ്ട്രാരുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.

33. ഒരു സമയം 10 ലക്ഷം രൂപയിൽ അധികരിച്ചുള്ള പദ്ധതി ആരംഭിക്കാവുന്നതല്ല.

34. ഈ നിബന്ധനകൾക്ക് ബഹുമാനപ്പെട്ട സഹകരണസംഘം ജോയിന്റ് രജിസ്ട്രാരുടെ 22-11-2002ലെ ഒ / 7312 / 02 K.Dis., 20-03-2010ലെ ഒ / 1523 / 10 K. Dis., 16-11-2012ലെ ഒ / 6374 / 12 K. Dis. നമ്പർ ഉത്തരവുകൾ പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.

## സമ്മതപത്രം

സ്കീമിന്റെ നിബന്ധനകൾ ഞാൻ വായിച്ച് മനസ്സിലാക്കി. ഇതോടൊപ്പമുള്ള നിബന്ധനകൾക്ക് വിധേയമായി ഈ സ്കീമിൽ അംഗമായി ചേരുന്നതിന് ഞാൻ ഇതിനാൽ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു. ആയതിൻപ്രകാരം ഈ അപേക്ഷയും നിബന്ധനകളുടെ ഒരു പ്രതിയും ഒപ്പിട്ട് ഒന്നാമത് തവണയുടെ തുകയായ ................................................................................... രൂപയും സഹിതം സമർപ്പിക്കുന്നു.

സ്ഥലം.................................................. സ്കീമിൽ ചേരുന്ന അംഗത്തിന്റെപേര്..................................................................

തീയതി..................................................

ഒപ്പ്..................................................................................